# മഹാത്മാഗാന്ധി  ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

---

**14.03.2023  (ചൊവ്വാഴ്ച) 2 P.M-ന്**

**ചെയർമാൻ  ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്സ്**

**(സെക്രട്ടറി,സ്പോർട്ട്സ് & യൂത്ത് അഫയേഴ്സ്) ന്റെ അധ്യക്ഷതയിൽ ചേർന്ന**

**15-ാമത്  ഗവേർണിംഗ് ബോഡി യോഗത്തിന്റെ**

# മിനിട്ട്സ്

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള 14.03.2023 ഉച്ചയ്ക്ക് 2 മണിക്ക് ചേർന്ന 15-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 15-ാമത് ഗവേർണിംഗ് ബോഡി യോഗം 2023 മാർച്ച് 14-ാം തീയതി ഉച്ചയ്ക്ക് 2.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ്& യൂത്ത് അഫയേഴ്സ്) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എസ്. രാജേന്ദ്രൻ ( മെമ്പർ)
4. ശ്രീമതി. ഗിരിജ സുരേന്ദ്രൻ (മെമ്പർ)
5. ശ്രീ. എ.എൻ.പ്രഭാകരൻ (മെമ്പർ)
6. ശ്രീ. കെ. അനിമോൻ (മെമ്പർ)
7. ശ്രീ. രാഹുൽ (ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ), മെമ്പർ

### യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

**1. 2022 ഡിസംബർ 28-ാംതീയതി ചേർന്ന 14-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

**തീരുമാനം:**
14-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

**2. 14-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:** 14-ാമത് ഗവേർണിംഗ് യോഗ തീരുമാനങ്ങൾ എല്ലാം തന്നെ നടപ്പാക്കിയതിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി.

**3. 2022 നവംബർ മുതൽ 2023 ഫെബ്രുവരി വരെ നടപ്പാക്കിയ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2022 ഏപ്രിൽ മുതൽ 2022 സെപ്തംബർ വരെ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ട് യോഗം അംഗീകരിക്കുകയും കൈവരിച്ച നേട്ടങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. 2023 മാർച്ച് അവസാനത്തോടെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് പൂർത്തി

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

യാക്കി സംസ്ഥാനം സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് എന്ന ലക്ഷ്യം കൈവരിക്കണമെന്ന് തീരുമാനിച്ചു.

**4. നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് പ്രഖ്യാപനം**

**തീരുമാനം:**

മാർച്ച് അവസാനത്തോടെ സോഷ്യൽ ഓഡിറ്റ് മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പൂർത്തിയാക്കുന്നതിന് കഴിയുന്നതനുസരിച്ച് അതത് ജില്ലകളിലും തുടർന്ന് ഏപ്രിൽ ആദ്യവാര ത്തോടെ സംസ്ഥാനത്തും സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് പ്രഖ്യാപനം നടത്തുന്നതിനായി പൊതു പരിപാടികൾ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു.

**5. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ റാങ്ക് ലിസ്റ്റിന് അംഗീകാരം നൽകൽ**

**തീരുമാനം:**

റാങ്ക് ലിസ്റ്റിന് അംഗീകാരം നൽകി.

**6. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് "Social Accountability and Social Audit" എന്ന വിഷയമേഖലയെ അടിസ്ഥാനമാക്കി സംഘടിപ്പി ക്കുന്ന 30 ദിവസത്തെ പരിശീലനം സംബന്ധിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു.

**7. 2022 ഒക്ടോബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2022 ഒക്ടോബർ മാസം മുതൽ 2023 ഫെബ്രുവരി മാസം വരെയുള്ള വരവ്-ചെലവ് കണക്കുകൾ യോഗം അംഗീകരിച്ചു.

**8. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളും സ്വീകരിച്ച തുടർ നടപടികളും**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ കണ്ടെത്തലുകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടി കൾ സംബന്ധിച്ച് വിലയിരുത്തുകയും ഇതുവരെ കൈക്കൊണ്ട നടപടികളിൽ യോഗം സംതൃപ്തി രേഖപ്പെടുത്തുകയുമുണ്ടായി.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

9. **പി.എം.എ.വൈ-ജി പൈലറ്റ് സോഷ്യൽ ഓഡിറ്റ്**

**തീരുമാനം:**

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്, പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിലെ എട്ട് ഗ്രാമ പഞ്ചായത്തുകളിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം 2023 മാർച്ച് മാസത്തിൽ തന്നെ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

10. **2021 മാർച്ച്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും 2021 ഒക്ടോബർ, നവംബർ മാസങ്ങളിൽ ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തിയ കാലഘട്ടത്തിലെ വേതന കുടിശിക വിതരണം സംബന്ധിച്ച്**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ 2021-22 ഒക്ടോബർ, നവംബർ മാസങ്ങളിൽ കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തിയതിനുള്ള വേതന കുടിശിക ജില്ലാ-ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് വിതരണം ചെയ്യുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

11. **മറ്റ് വികസന പദ്ധതികളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ്**

**തീരുമാനം:**

കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, മറ്റ് വികസന പദ്ധതികളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി.

1. **പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പൈലറ്റ് സോഷ്യൽ ഓഡിറ്റ്** വാമനപുരം ബ്ലോക്കിൽ പൂർത്തിയായി വരുന്നു. 2023 മാർച്ച് അവസാന വാരത്തിൽ അന്തിമ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിക്കാൻ കഴിയും.

2. **ആരോഗ്യകേരളം പദ്ധതി** (പൈലറ്റ് സാഷ്യൽ ഓഡിറ്റ് - ആറ് കുടുംബാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി): ആരോഗ്യകേരളം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 6 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള ധാരണാ പത്രത്തിന്റെ കരട് തയ്യാറാക്കി ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ധാരണാപത്രം ഒപ്പുവച്ച് ആദ്യഗഡു ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ആരോഗ്യകേരളം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ആരംഭിക്കുന്നതാണ്.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
...vananthapuram

3. **അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി** സോഷ്യൽ ഓഡിറ്റ് (എല്ലാ നഗരസഭകളിലും) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2021-2022 വർഷത്തെ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് അർബൻ അഫയേഴ്സ് ഡയറക്ടറുടെ ഓഫീസിൽ നിന്നും 50 ശതമാനം തുക എങ്കിലും ലഭിക്കുന്നതിനുസരിച്ച് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

**12. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ നിലവിലുള്ള ഒഴിവുകളിലേക്കുള്ള തെരഞ്ഞെടുപ്പ് - യോഗ്യതകൾ നിശ്ചയിക്കൽ**

**തീരുമാനം:**

ഓരോ തസ്തികയിലേക്കും നിയമനത്തിനായി നിശ്ചയിച്ച യോഗ്യതകൾ അംഗീകരിക്കുകയും എത്രയുംവേഗം പത്രപരസ്യം നൽകി ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്റെ ചുമതലപ്പെടുത്തി.

യോഗം 3 P.M ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

**പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
സ്പോർട്ട്സ് & യൂത്ത് അഫയേഴ്സ് സെക്രട്ടറി.